LBRD-C4/82/2026-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പ് - അരീക്കോട് ഐ.ടി.ഐ.യിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.അദ്വൈത്.എസ്.-ന് പഠനാവശ്യാർത്ഥം ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.578/2026/LBR തീയതി,തിരുവനന്തപുരം, 10-04-2026

---

പരാമർശം:- 1. അരീക്കോട് ഐ.ടി.ഐ.യിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.അദ്വൈത്.എസ് 30/08/2025-ൽ സമർപ്പിച്ച അവധി അപേക്ഷ.

2. ട്രെയിനിംഗ് ഡയറക്ടറുടെ 15/12/2025-ലെ ഡി.ടി/6218/2025/എ7 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള അരീക്കോട് ഐ.ടി.ഐ.യിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.അദ്വൈത്.എസ്., മീര പ്രൈവറ്റ് ഐ.ടി.ഐ-യിൽ ഇലക്ട്രോണിക് മെക്കാനിക് ട്രേഡ് പഠിക്കുന്നതിനായി 01/09/2025 മുതൽ 31/07/2027 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ ശുപാർശ ചെയ്ത് പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അരീക്കോട് സർക്കാർ ഐ.ടി.ഐ.യിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.അദ്വൈത്.എസ്.-ന് 01/09/2025 മുതൽ 31/07/2027 വരെ (31/08/2025 മുൻചേർത്ത്) കെ.എസ്.ആർ, ഭാഗം I, അനുബന്ധം XII-B-യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.അദ്വൈത്.എസ്., ഓഫീസ് അറ്റൻഡന്റ്, ഐ.ടി.ഐ, അരീക്കോട് (ട്രെയിനിംഗ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (08.04.2026-ലെ 3458821/LBR-1/80/26-FIN നമ്പർ നോട്ട് പ്രകാരം).
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 10-04-2026 17:08:15
സെക്ഷൻ ഓഫീസർ